# മാട്ടൂൽ ഗ്രാമപഞ്ചായത്ത് കാര്യാലയം
## പി.ഒ മാട്ടൂൽ, കണ്ണൂർ-670302

**Email – mattulgramapanchayat@gmail.com**

22/08/2026

നമ്പർ-എസ്.സി 1/6800245

മാട്ടൂൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഔദ്യോഗിക ആവശ്യത്തിലേക്ക് കാർ/ജീപ്പ് പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ സമർപ്പിക്കേണ്ട വിലാസം : സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ- 670309
ടെണ്ടർ ഫോറം വിതരണം – 05.09.2026 3 മണി വരെ
ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി : 09.09.2026 3 മണി വരെ
ടെണ്ടർ തുറക്കുന്ന സമയം : 09.09.2026 4.00 മണി

**വ്യവസ്ഥകൾ**

1. 1 മാസം 2000 കി.മി. ദൂരം സഞ്ചിരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.
3. ഇന്ധന ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപണികൾ, ഡ്രൈവറുടെ ശമ്പളം, ബത്ത, വാഹനത്തിന്റെ ടാക്സ്, ഇൻഷൂറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ ക്വാട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 2017 വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.
7. കരാറുകാരന്റെ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പാൻകാർഡ് ഉണ്ടായിരിക്കേതാണ്
8. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതാണ്.
9. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

Scanned with OKEN Scanner

10. അവധിദിനങ്ങൾ ഉൾപ്പെടെ ഏതുദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

11. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില വർധനവ് പരിഗണിക്കുന്നതല്ല .

12. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

13. ഓഫീസിൽ നിന്ന് പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിക്കും കിലോ മീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.

14. ടെണ്ടറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സെക്രട്ടറി
മാട്ടൂൽ ഗ്രാമപഞ്ചായത്ത്
കണ്ണൂർ-670302

Scanned with OKEN Scanner

| | | |
|---|---|---|
| 1. | ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| 2. | മേൽവിലാസം | |
| 3. | ഫോൺ നമ്പർ | |
| 4. | വാഹനത്തിന്റെ തരം/സീറ്റ് എണ്ണം | |
| 5. | വാഹനത്തിന്റെ മോഡൽ | |
| 6. | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പര്, തീയതി, ഇൻഷുറൻസ് കാലാവധി | |
| 7 | 2000 കി . മീ വരെ യാത്രചെയ്യുന്നതിന് ക്വാട്ട് ചെയ്യുന്ന തുക | |

ഒപ്പ്:

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്:

മേൽവിലാസം:

കുറിപ്പ്:- വാഹനത്തിന്റെ ആർ. സി ബുക്ക്, ഡ്രൈവറുടെ ലൈസൻസ്, ബാഡ്ജ് എന്നിവയുടെ പകർപ്പ് ഷെഡ്യൂളിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

സ്ഥലം :

തീയതി: